(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, വനം-വന്യജീവി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കൃഷി വകുപ്പ്, ജലവിഭവ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കാലാവസ്ഥാ വ്യതിയാന പഠന കേന്ദ്രം, വിവിധ സന്നദ്ധ സംഘടനകൾ.

(ഡി) ഹരിതശ്രീ പദ്ധതി ജൂൺ 5-ന് ആരംഭിച്ചു. വൃക്ഷം നട്ട വ്യക്തികൾ, സംഘടനകൾ, കലാലയങ്ങൾ/ഏജൻസികൾതന്നെ അതിന്റെ പരിപാലനവും നടത്തണം. നന്നായി പരിപാലിക്കുന്ന കലാലയങ്ങൾക്ക് പാരിതോഷികങ്ങൾ നൽകുന്നതാണ്. മറ്റു പദ്ധതികൾക്കുള്ള രൂപരേഖ ബന്ധപ്പെട്ട വകുപ്പുകൾ ഒത്തൊരുമിച്ച് തയ്യാറാക്കിവരുന്നു.

**പരിസ്ഥിതിലോല നിയമഭേദഗതി**

**255 (1925) ഡോ. എൻ. ജയരാജ് :**
**ശ്രീ. റോഷി അഗസ്റ്റിൻ :**
**ശ്രീ. പി. സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിലോല നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുവോ ; വിശദാംശങ്ങൾ നല്കുമോ ;

(ബി) സംസ്ഥാനത്ത് പരിസ്ഥിതിലോല നിയമപ്രകാരം വനമേഖലയിലെ എത്ര വിസ്തൃതി ഭൂപ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂപ്രദേശങ്ങളുടെ കാര്യത്തിൽ എന്തെല്ലാം അപാകതകളാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ നല്കാമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല നിയമം എന്ന ഒരു നിയമം നിലവിലില്ല. എന്നാൽ, കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമപ്രകാരം 14589 ഹെക്ടറിൽ സ്ഥലം ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി&സി) കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) നിയമപ്രകാരം ഏറ്റെടുത്ത ഭൂപ്രദേശങ്ങളുടെ കാര്യത്തിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly